പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3182 03/04/2013- ൽ മറുപടിക്ക്

ഗോസുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ലൂഡി ലൂയിസ്:<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. വി.റ്റി. ബൽറാം: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ഗോസുരക്ഷാ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) കേരളത്തിലെ ഉല്പാദനശേഷിയുള്ള മുഴുവൻ കന്നുകാലികൾക്കും കുറഞ്ഞ പ്രീമിയം നിരക്കിൽ 50% സബ്സിഡിയോടുകൂടി ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുക വഴി ഉരുവിന്റെ മരണം മൂലവും പാലുല്പാദനത്തെ സാരമായി ബാധിക്കുന്ന അസുഖങ്ങൾ മൂലവും ക്ഷീര കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം ഒരു പരിധിവരെ നികത്തുക, വന്ധ്യത മൂലം പ്രത്യുല്പാദനശേഷി നഷ്ടപ്പെട്ട പശുക്കൾക്ക് നഷ്ടപരിഹാരം നൽകുക, അതുവഴി പശുപരിപാലനത്തിലെ നഷ്ടം കുറയ്ക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ |
| (ബി) ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടുകൂടി മൃഗസംരക്ഷണ വകുപ്പും, കന്നുകാലി വികസന ബോർഡും സംയുക്തമായി ഈ പദ്ധതി നടപ്പിലാക്കുന്നു. ഇതിലേക്കായി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികൾ കന്നുകാലി ഇൻഷ്വറൻസ് നൽകി വരുന്നു. |
| (സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്; | (സി) സംസ്ഥാനത്ത് മുഴുവൻ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കി വരുന്നു. പത്തനംതിട്ട, മലപ്പുറം, കാസർഗോഡ് എന്നീ മൂന്ന് ജില്ലകളിൽ സംസ്ഥാന സർക്കാർ ധനസഹായത്തോടുകൂടിയും, മറ്റ് 11 ജില്ലകളിൽ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടുകൂടിയും ഈ പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. പ്രീമിയം തുക ഒരു വർഷത്തെ ഇൻഷ്വറൻസിന് ഉരുവിന്റെ വിലയുടെ 3.09% -ഉം 3 വർഷത്തെ ഇൻഷ്വറൻസിന് 6.92%-മാണ്. ഇതിന്റെ 50% കർഷകൻ വഹിക്കുന്നു. |

(ഡി) എന്തെല്ലാം സഹായങ്ങളാണ് മൃഗസംരക്ഷണത്തിനായി പ്രസ്തുത പദ്ധതി അനുസരിച്ച് നൽകി വരുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(ഡി) പശുക്കളെയും, എരുമകളെയും ഈ പദ്ധതി വഴി ഇൻഷ്വർ ചെയ്യാവുന്നതാണ്. പ്രീമിയം തുകയുടെ 50% കർഷകർ വഹിക്കുന്നു. ബാക്കി വരുന്ന 50% പദ്ധതി വഴി നൽകി വരുന്നു.

ഇൻഷ്വർ ചെയ്യുന്നതിന് മൃഗ ഡോക്ടർമാർക്ക് സേവനഫീസ് നൽകേണ്ടതില്ല. ടാഗ്ഗിംഗ് ഫീസും, പോസ്റ്റുമോർട്ടം ഫീസും സർക്കാർ വഹിക്കുന്നതാണ്.

പശുക്കൾ അസുഖം മൂലമോ പ്രകൃതിക്ഷോഭം മൂലമോ മരണപ്പെടുകയാണെങ്കിൽ ഇൻഷ്വർ ചെയ്ത തുക പൂർണ്ണമായി ലഭിക്കുന്നതാണ്.

മറ്റ് അസുഖങ്ങൾ മൂലം ഉൽപാദനക്ഷമത നഷ്ടപ്പെട്ടാലും സ്ഥിരമായ സമ്പൂർണ്ണ അംഗവൈകല്യം സംഭവിക്കുകയാണെങ്കിലും കിടപ്പിലായാലും ഇൻഷ്വർ ചെയ്ത തുകയുടെ 75% ലഭ്യമാകും. ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത പ്രത്യുത്പാദനരോഗങ്ങൾ, വന്ധ്യത എന്നിവയാൽ ലാഭകരമായി പരിപാലിക്കുവാൻ കഴിയാത്ത രീതിയിൽ വരുന്ന ഉരുക്കൾക്ക് ഇൻഷ്വറൻസ് ക്ലെയിം അനുവദിക്കും.

അടയാളക്കമ്മൽ (ഇയർ ടാഗ്), പോസ്റ്റുമോർട്ടം റിപ്പോർട്ട്, മറ്റ് അനുബന്ധ രേഖകൾ എന്നിവ വെറ്ററിനറി ഡോക്ടറുടെ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സഹിതം ഇൻഷുറൻസ് കമ്പനിയിൽ ലഭിച്ചാൽ 15 ദിവസത്തിനകം ഇൻഷുറൻസ് തുക കർഷകർക്ക് ലഭ്യമാകും

50/- രൂപ ഇൻഷ്വറൻസ് കമ്പനിയിൽ അടച്ച് പശുവിനെ വിൽക്കുന്നതിനോടൊപ്പം പോളിസിയും കൈമാറ്റം ചെയ്യാവുന്നതാണ്.

സെക്ഷൻ ഓഫീസർ

NS